# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 2283

09-12-2014ൽ മറുപടിക്ക്

### അധികവൈദ്യുതി ഉപയോഗിക്കുന്നതിന് പിഴ

ചോദ്യം

ശ്രീ. പുരുഷൻ കടലുണ്ടി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സർക്കാർ ഓഫീസുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി സ്ഥാപിക്കപ്പെടുന്ന ഉപകരണങ്ങൾക്കു വേണ്ടി ഉപയോഗിക്കേണ്ടി വരുന്ന അധിക വൈദ്യുതിക്ക് പിഴ ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) അതാത് മാസം ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്ന ഇപ്പോഴത്തെ രീതിയിൽ കണക്റ്റഡ് ലോഡ് അധികരിച്ചു എന്ന പേരിൽ പിഴ ഈടാക്കുന്നതിന്റെ കാരണം അറിയിക്കാമോ;<br><br>(സി) സർക്കാർ ഓഫീസുകളിൽ ഇതു സംബന്ധിച്ച സാങ്കേതിക വിദഗ്ധരില്ലാത്ത സാഹചര്യത്തിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന ഏജൻസികൾക്കു തന്നെ കണക്റ്റഡ് ലോഡ് വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ കെ.എസ്.ഇ.ബി. യെ അറിയിക്കാനുള്ള ഉത്തരവാദിത്തവും ഏൽപ്പിയ്ക്കുന്നതിന് നിർദ്ദേശം നൽകുമോ? | (എ) & (ബി) സപ്ലൈകോഡ്, 2014 റെഗുലേഷൻ 99, 153 പ്രകാരം കണക്റ്റഡ് ലോഡിന്റെ 10 ശതമാനത്തിൽ അധികമായി സ്ഥാപിക്കപ്പെടുന്ന ഉപകരണങ്ങൾ ഔദ്യോഗികമായി ക്രമപ്പെടുത്തുന്നതിന് ഉപഭോക്താവ് ലൈസൻസിയുടെ മുൻപാകെ അപേക്ഷ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം, യഥാസമയം കണക്റ്റഡ് ലോഡ് ക്രമീകരിച്ചിട്ടില്ലാത്ത ഉപഭോക്താക്കളിൽ നിന്നും അധിക തുക ഈടാക്കുന്നതിനും പ്രസ്തുത റെഗുലേഷനിൽ വ്യവസ്ഥയുണ്ട്.<br><br>(സി) രജിസ്റ്റേർഡ് ഉപഭോക്താക്കളുടെ ഉത്തരവാദിത്തമാണ് കണക്റ്റഡ് ലോഡ് സംബന്ധിച്ച വിശദാംശങ്ങൾ പുതുക്കേണ്ടത്. സർക്കാർ ഓഫീസുകളിൽ ഇതു സംബന്ധിച്ച് സാങ്കേതിക വിദഗ്ദർ ഇല്ലാത്ത പക്ഷം ഉപകരണങ്ങൾ സ്ഥാപിക്കുന്ന ഏജൻസികൾ തന്നെ കണക്റ്റഡ് ലോഡ് വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്റേർഡ് ഉപഭോക്താവ് വഴി വൈദ്യുതി ബോർഡിനെ അറിയിക്കുന്നത് സംബന്ധിച്ച് |

| | |
|---|---|
| | കെ.എസ്.ഇ.ബി യുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ